<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനൊന്നാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത 15.07.2014-ൽ

നിയമസഭാ ചോദ്യം നമ്പർ: 7561 മറുപടിയ്ക്ക്

<u>ഇ-ഫയലിംഗ് സിസ്റ്റം</u>

| ചോദ്യം<br>ശ്രീ. എം. പി. വിൻസെന്റ്. | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| എ) ഇ-ഫയലിംഗ് സിസ്റ്റം ഏർപ്പെടുത്തിയ വകുപ്പുകളിൽ അതുമൂലമുണ്ടായിട്ടുള്ള ഗുണദോഷങ്ങൾ പഠിച്ച് കൂടുതൽ സുതാര്യവും കാര്യക്ഷമവുമായ ഒരു സംവിധാനം ഏർപ്പെടുത്തുമോ; | എ) സെക്രട്ടറിയറ്റിലെ എല്ലാ വകുപ്പുകളിലും 'ഇ-ഓഫീസ്' നടപ്പാക്കുന്നതിന് ഉത്തരവായിട്ടുണ്ടെങ്കിലും ധനകാര്യം, വിവരസാങ്കേതികവിദ്യ തുടങ്ങിയ വകുപ്പുകളിലാണ് ഇപ്പോൾ 'ഇ-ഓഫീസ്' സംവിധാനം ഉപയോഗിച്ചുവരുന്നത്. 'ഇ-ഓഫീസ്' സോഫ്റ്റ് വെയറിന്റെ ഉപയോഗം ഇപ്പോൾ പ്രാരംഭ ദശയിലാണ്. ഈ ഘട്ടത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ അപ്പപ്പോൾത്തന്നെ പരിഹരിച്ച് മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകയുമാണ്. |
| ബി)ഇ-ഫയലിംഗിൽ തപാൽ സ്കാൻ ചെയ്യേണ്ടത് ആരുടെ ചുമതലയാണെന്ന് വെളിപ്പെടുത്തുമോ; | ബി) 'ഇ-ഓഫീസ്' സംവിധാനത്തിൽ തപാലുകൾ സ്കാൻ ചെയ്ത് ബന്ധപ്പെട്ട സെക്ഷനുകൾക്ക് അയച്ചു കൊടുക്കേണ്ട ചുമതല അതത് വകുപ്പുകളുടെ ഓഫീസ് സെക്ഷനുകൾക്കാണ്. |
| സി) സ്കാനിംഗിലെ കാലതാമസം ഫയലുകൾ ഡിലേ ആകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഒരു പുനർ വിചിന്തനം നടത്തുമോയെന്ന വ്യക്തമാക്കാമോ? | സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ